## കേരള സംസ്ഥാന ഡ്രഗ്സ് കൺട്രോളറുടെ നടപടി ഉത്തരവ്

വിഷയം :- ജീവനക്കാര്യം - ഡ്രഗ്സ് കൺട്രോൾ വകുപ്പ് - സീനിയർ സൂപ്രണ്ട് തസ്തികയിലേക്ക് സ്ഥാനകയറ്റം/സ്ഥലം മാറ്റം നൽകി - ഉത്തരവ് നൽകുന്നത് - സംബന്ധിച്ച്

ഉത്തരവ് നം.ഇ1.503/2017/ഡി.സി തിരുവനന്തപുരം-695 035 തീയതി:21/02/2017

പരാമർശം:- (1) 25/10/2016 ലെ ഡ്രഗ്സ് കൺട്രോളറുടെ ഇ1.766/2016/ഡിസി നമ്പർ ഉത്തരവ്

(2) 02/12/2016 ലെ ഡ്രഗ്സ് കൺട്രോളറുടെ ഇ1.766/2016/ഡിസി നമ്പർ ഉത്തരവ്

(3) 20/02/2017 -ലെ 308-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ പ്രസീദ്ധികരിച്ച ജൂനിയർ സൂപ്രണ്ടുമാരുടെ സെലക്ട് ലിസ്റ്റ്.

### ഉത്തരവ്

പരാമർശം (1) ഉത്തരവിൻ പ്രകാരം പാലക്കാട് ഡ്രഗ്സ് ഇൻസ്പെക്ടറുടെ കാര്യാലയത്തിലെ ജൂനിയർ സൂപ്രണ്ട് ശ്രീ.സി.രാജീവിന് സീനിയർ സൂപ്രണ്ട് തസ്തികയിലേയ്ക്ക് ഉദ്യോഗക കയറ്റം നൽകി തിരുവനന്തപുരം തിരുവനന്തപുരം ഡ്രഗ്സ് ടെസ്റ്റിംഗ് ലാബോറട്ടറിയിൽ നിയമിച്ചിരുന്നു. പ്രസ്തുത ഉദ്യോഗസ്ഥൻ തനിക്ക് ലഭിച്ചിട്ടുള്ള ഉദ്യോഗ കയറ്റം ഒരു വർഷത്തേക്ക് പരിത്യജിച്ചുകൊണ്ട് പരിത്യാജപത്രം സമർപ്പിക്കുകയും പരാമർശം (2) പ്രകാരം ശ്രീ.സി.രാജീവ്, ജൂനിയർ സൂപ്രണ്ടിന്റെ പരിത്യാജപത്രം അംഗീകരിച്ചുകൊണ്ട് ഉത്തരവാകുകയും ചെയ്തിരുന്നു. ഇപ്രകാരം ശ്രീ.സി.രാജീവ് സീനിയർ സൂപ്രണ്ട് തസ്തികയിലേയ്ക്കുള്ള ഉദ്യോഗകയറ്റം പരിത്യജിച്ചതിനെ തുടർന്ന് വകുപ്പിന് കീഴിലുള്ള തിരുവനന്തപുരം ഡ്രഗ്സ് ടെസ്റ്റിംഗ് ലാബോറട്ടറിയിൽ സീനിയർ സൂപ്രണ്ട് തസ്തികയിൽ ഒരു ഒഴിവ് ഉണ്ടായിട്ടുണ്ട്. 2017 വർഷത്തിൽ ഉണ്ടാകുന്ന സീനിയർ സൂപ്രണ്ടുമാരുടെ ഒഴിവുകളിലേയ്ക്ക് സ്ഥാന കയറ്റം നൽകുന്നതിന് വേണ്ടി ഡിപ്പാർട്ട്മെന്റൽ പ്രൊമോഷൻ കമ്മിറ്റി 20/02/2017 ന് കൂടുകയും അതിന്റെ അടിസ്ഥാനത്തിൽ ജൂനിയർ സൂപ്രണ്ടുമാരുടെ സെലക്ട് ലിസ്റ്റ് തയ്യാറാക്കി, 20/02/2017 – ലെ അസാധാരണ ഗസറ്റിൽ പരാമർശം (3) പ്രകാരം പ്രസീദ്ധികരിച്ചിട്ടുമുണ്ട്.

പ്രസ്തുത ലിസ്റ്റ് പ്രകാരം ജൂനിയർ സൂപ്രണ്ടുമാരിൽ ഏറ്റവും സീനിയറും എറണാകുളം റീജ്യണൽ ഡ്രഗ്സ് ടെസ്റ്റിംഗ് ലാബോറട്ടറിയിൽ സേവനവുമനുഷ്ഠിക്കുന്ന ശ്രീ.ദിലീപ്കുമാർ.വി - യെ സീനിയർ സൂപ്രണ്ട് തസ്തികയിലേക്ക്, 36600 - 79200 രൂപ ശമ്പള നിരക്കിൽ സ്ഥാന കയറ്റം (സബോർഡിനേറ്റ് സർവ്വീസിൽ നിന്നും സ്റ്റേറ്റ് സർവ്വീസിലേക്കുള്ള നിയമനം) നൽകി തിരുവനന്തപുരം ഡ്രഗ്സ് ടെസ്റ്റിംഗ് ലബോറട്ടറിയിൽ നിലവിലുള്ള ഒഴിവിൽ നിയമിച്ച് ഉത്തരവാകുന്നു.

ശ്രീ.ദിലീപ്കുമാർ.വി - യുടെ ഒരു വർഷ സേവനകാലയളവിലെ 6 മാസത്തെ യഥാർത്ഥ സേവനകാലയളവ് നിരീക്ഷണ കാലമായിരിക്കുന്നതാണ്.

OFFICE OF THE DRUGS CONTROLLER TRIVANDRUM Date............

രവി.എസ്.മോനോൻ
ഡ്രഗ്സ് കൺട്രോളറുടെ ചുമതലയുള്ള
ഡെപ്യൂട്ടി ഡ്രഗ്സ് കൺട്രോളർ

ശ്രീ.ദിലീപ്കുമാർ.വി, ജൂനിയർ സൂപ്രണ്ട്,
ആർഡിറ്റിഎൽ , എറണാകുളം.

പകർപ്പ്:-

1. അക്കൗണ്ടന്റ് ജനറൽ (എ & ഇ) കേരള, തിരുവനന്തപുരം.
2. ജില്ലാ ട്രഷറി ഓഫീസർ, തിരുവനന്തപുരം
3. ഡെപ്യൂട്ടി ഡ്രഗ്സ് കൺട്രോളർ -ഭേ॥
4. ചീഫ് ഗവൺമെന്റ് അനലിസ്റ്റ്, ഡ്രഗ്സ് ടെസ്റ്റിംഗ് ലബോറട്ടറി, തിരുവനന്തപുരം.
5. ജോയിന്റ് ചീഫ് ഗവൺമെന്റ് അനലിസ്റ്റ്, ആർഡിറ്റിഎൽ , എറണാകുളം
6. സീനിയർ സൂപ്രണ്ട്. -ഭേ॥ 7. സ്റ്റോക്ക് ഫയൽ
8. ഓഫീസ് കോപ്പി